# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5035 30/06/2014-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി

| ചോദ്യം<br>ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. എം. പി. വിൻസെന്റ്:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഭവന രഹിതരായ മത്സ്യ ത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടു ണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പു മുഖേന വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യമേഖലയിൽ ഭവനരഹിതരില്ലാത്ത കേരള സൃഷ്ടിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13-ാം ധനകാര്യകമ്മീഷൻ മാതൃകാ മത്സ്യഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി 4973 ഭവനങ്ങളും, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയ 1600 വീടുകളും ഉൾപ്പെടെ ആകെ 6573 വീടുകൾ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഘട്ടം ഘട്ടമായി ഭവന നിർമ്മാണ ധനസഹായം നൽകി കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പ് വിവിധ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |

(ബി) ഇതിനായി മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ പ്രത്യേകമായി ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2011-15 കാലയളവിലേക്ക് ആദ്യ ഘട്ടത്തിൽ (2011-12) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ താഴെ പറയുന്ന 32 മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളാക്കി വികസിപ്പിച്ചതിൽ 2106 ഭവനങ്ങൾക്ക് 2.50 ലക്ഷം രൂപ നിരക്കിലുമാണ് ധനസഹായം നൽകിയിട്ടുള്ളത്.

| നമ്പർ | ജില്ലയുടെ പേര് | മത്സ്യഗ്രാമം | മത്സ്യഗ്രാമത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | വലിയതുറ | വലിയതുറ<br>ചെറിയതുറ<br>കൊച്ചുതോപ്പ്<br>വലിയതോപ്പ് |
| 2 | കൊല്ലം | പുത്തൻതുറ | പുത്തൻതുറ<br>നീണ്ടകര |
| 3 | ആലപ്പുഴ | തൃക്കുന്നപുഴ<br><br>ആറാട്ടുപുഴ | വലിയഴീക്കൽ<br>തറയിൽക്കടവ്<br>കള്ളിക്കാട്<br>ആറാട്ടുപുഴ<br>പതിയാങ്കര<br>തൃക്കുന്നപ്പുഴ<br>പല്ലന |
| 4 | എറണാകുളം | ചെല്ലാനം | ചെല്ലാനം<br>മാറാവുകാട്<br>കണ്ടക്കടവ്<br>കണ്ണമാലി<br>ചെറിയകടവ് |
| 5 | തൃശ്ശൂർ | കൈപ്പമംഗലം<br>പൊയ്യ-<br>ആനാപ്പുഴ | കൈപ്പമംഗലം<br>പൊയ്യ<br>ആനാപ്പുഴ |
| 6 | മലപ്പുറം | താനൂർ | ചീരൻ കടപ്പുറം<br>ഇടക്കടപ്പുറം<br>ഓസാൻകടപ്പുറം<br>ഇളരൻ കടപ്പുറം<br>പാണ്ടക്കടപ്പുറം<br>കോരമൻ-<br>കടപ്പുറം<br>പുതിയ കടപ്പുറം |
| 7 | കോഴിക്കോട് | മാറാട് | മാറാട്<br>ബേപ്പൂർ |
| 8 | കണ്ണൂർ | അഴീക്കോട് | അഴീക്കോട് |
| 9 | കാസറഗോഡ് | അജാനൂർ | അജാനൂർ |

(സി) പ്രസ്തുത പദ്ധതിയിലേക്ക് അർഹരായവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള

(സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മത്സ്യഭവനുകളും വഴി അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ

| | |
|---|---|
| മാനദണ്ഡങ്ങൾ എന്താണ്; ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | അർഹതാ ലിസ്റ്റിൽ നിന്നും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട് (എൻ.എഫ്.ഡബ്ല്യൂ.എഫ്) ഉപയോഗിച്ചുള്ള ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായും, തീരദേശ മണ്ഡലങ്ങളിലെ എം.എൽ.എ മാർ അംഗങ്ങളുമായ ജില്ലാ ഗുണഭോക്തൃ കമ്മിറ്റിയും മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലെ ഗുണഭോക്താക്കളെ പദ്ധതി പ്രദേശം ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായ ജില്ലാതല ബെനിഫിഷ്യറി/മാനേജ്മെന്റ് കമ്മിറ്റിയും യോഗം ചേർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവന രഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

**മാർഗ്ഗനിർദ്ദേശങ്ങൾ**

1. അപേക്ഷകർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 18 നും 60 നും ഇടയ്ക്ക് പ്രായമുള്ള യഥാർത്ഥ മത്സ്യത്തൊഴിലാളി ആയിരിക്കണം.
2. മത്സ്യഗ്രാമ നിവാസിയായിരിക്കണം.
3. CRZ നിയമപ്രകാരം വീട് വയ്ക്കുവാൻ ഉതകുന്ന കുറഞ്ഞത് 2 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം.
4. DLMC (ജില്ലാതല മാനേജ്മെന്റ് കമ്മിറ്റി)/ബെനഫിഷ്യറി കമ്മിറ്റി ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ച് അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പുറപ്പെടുവിക്കുന്നതാണ്.
5. അപേക്ഷകർ വിവാഹിതനും കുടുംബം നയിക്കുന്നവനുമായിരിക്കണം.
6. വാസയോഗ്യമായ വീടില്ലാത്ത ആളായിരിക്കണം.
7. അനുവദിക്കാനുള്ള യൂണിറ്റുകളേക്കാൾ കൂടുതൽ അപേക്ഷ ഉള്ള പക്ഷം നറുക്കെടുപ്പിലൂടെയായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.
8. ഓരോ ജില്ലയിലും ആകെയുള്ള യൂണിറ്റുകളുടെ 90% മാത്രമേ ഇത്തരത്തിൽ അനുവദിക്കാൻ പാടുള്ളൂ.
9. ബാക്കിയുള്ള 10% അടിയന്തര പരിഗണന അർഹിക്കുന്ന വിധവകൾക്കും കാൻസർ രോഗിക്കും വേണ്ടി മാറ്റി വെയ്ക്കണമെന്ന് മാതൃകാ മത്സ്യഗ്രാമ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുശാസിക്കുന്നു.
10. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിഫണ്ട് ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം നറുക്കെടുപ്പിൽപ്പെടാത്ത അപേക്ഷകരിൽ നിന്നും അടിയന്തര പരിഗണന അർഹിക്കുന്ന 10% അപേക്ഷകരെ സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് അനുവദിക്കാവുന്നതാണ്.

സെക്ഷൻ ആഫീസർ

ടി.എസ് 14.06.18.